ക്കുമുമ്പു് ഒരു ക്രിസ്ത്യാനി ഉപദ്രവിച്ചതിനെ സംബന്ധിച്ചുള്ളകേസ്സു് ബഹുമാനപ്പെട്ട ശവമ്മെണ്ടിന്റെ ദൃഷ്ടിക്കു പാത്രീഭവിച്ചിട്ടുണ്ടോ?

ഉണ്ടെങ്കിൽ അതിനു എന്തു നടപടികൾ നടത്തീട്ടുണ്ടെന്നു ദയവായി പറയാമോ?

റാവു സാഹിബു് മിസ്റ്റർ സി. മത്തായി.—ഉണ്ടു്.

പോല്ലീസ്കമ്മീഷണർ അവർകളോടു വേണ്ടതു പ്രവൃത്തിപ്പാൻ ആവശ്യപ്പെട്ടിട്ടുണ്ടു്.

മിസ്റ്റർ പി. സി. ചാഞ്ചൻ.—കുട്ടിയെ അടിച്ച കേസ്സിനെപ്പറ്റി എന്തു ചെയ്തു?

റാവു സാഹിബു് മിസ്റ്റർ സി. മത്തായി.—പോലീസ് കമ്മീഷണരോടു ആവശ്യപ്പെട്ടിട്ടുണ്ടു്.

മിസ്റ്റർ പി. സി. ചാഞ്ചൻ.—എന്തു സംഗതി?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—അതിപ്പോൾ പറവാൻ തരമില്ല. നടപടി നടത്തണം.

മിസ്റ്റർ പി. സി. ചാഞ്ചൻ.—നാലുമാസം കഴിഞ്ഞിട്ടും ഹർജിക്കു മറുപടിയില്ല.

Kodakara L. S. School.

264. മിസ്റ്റർ പി. സി. ചാഞ്ചൻ.—കൊടകര ലോവർ സെക്കണ്ടറി സ്കൂളിൽ പഠിക്കുന്ന വള്ളി എന്നു പേരായ ഒരു പുലയവിദ്യാർത്ഥിയെ മുപ്പൊരിക്കൽ തീലക്കുട പിടിച്ചു നടന്നു എന്നുള്ള കേസ്സിൽ കൃഷ്ണൻനായർ എന്നു പേരോടുകൂടിയ ഒരുത്തൻ മനഃപൂർവ്വമായി ഉപദ്രവിച്ചതിനും പുറമെ രണ്ടുമൂന്നു മാസങ്ങൾക്കു മുമ്പു ടി കൃഷ്ണൻനായർ വള്ളി എന്ന പുലയവിദ്യാർത്ഥിയെ കൃഷ്ണൻനായർ അയാളുടെ പീടികയിൽ പിടിച്ചു കെട്ടിയിട്ട ഉപദ്രവിച്ച സംഗതി ശവമ്മെണ്ടിന്റെ ദൃഷ്ടിയിൽപെട്ടിട്ടുണ്ടോ?

ഉണ്ടെങ്കിൽ എന്തു നടപടി നടത്തീട്ടുണ്ടു്?

റാവു സാഹിബു് മിസ്റ്റർ സി. മത്തായി.—ഉണ്ടു്.

ഇതിനെപ്പറ്റി കേസ്സു് കോടതിയിൽ ഫയലിൽ ഇരിക്കുന്നതിനാൽ, ശവമ്മെണ്ടു തല്ക്കാലം യാതൊന്നും പ്രവൃത്തിപ്പാൻ വിചാരിക്കുന്നില്ല.

Caste-war statement of officers in the Huzur Office.

265. Mr. K. Ayyappan.—Will the Government be pleased to state the number of men in the Huzur Service belonging to each of the following communities:—Jews, Christians, Muslims, Nayars, Ezhuvas, Brahmans, Arayans and others?

Rama Varmha Tampuran.—

Jews	Nil
Christians	14
Muslims	3
Nayars	35
Ezhuvas	1
Brahmans	18
Arayans	Nil
Others	7

The above includes 8 temporary and 11 acting hands.

LIBRARY ARCHIVES Kerala Legislative Assembly